**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1363** **19-09-2025 - ൽ മറുപടിയ്ക്ക്**

**നിർമ്മാണത്തിൽ ഇരിക്കുന്ന പാലങ്ങൾ തകരുന്ന സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ തകരുന്ന സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | പാലം പ്രവൃത്തികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട് പാലക്കാട് IIT കോഴിക്കോട് NIT, KHRI എന്നിവയുടെ സഹായത്തോടെ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ, പ്രൊജക്റ്റ് ഡയറക്ടർ - കെ.ആർ എഫ്.ബി, ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഒരു ഗൈഡ്‌ലൈൻ തയ്യാറാക്കുന്നതിനും ഇൻസ്പെക്ഷൻ നടത്തുന്നതിലേക്കായി ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുമുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണത് നിർമ്മാണത്തിലെ അപാകതമൂലമാണ് എന്നത് വസ്തുതയാണോ; | (ബി) | പൊതുമരാമത്ത് വിജിലൻസ് വിഭാഗം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ തോരായിക്കടവ് പാലത്തിന്റെ നിർമ്മാണ വേളയിൽ ഫോം വർക്ക് മറിഞ്ഞുവീണുണ്ടായ അപകടത്തെ കുറിച്ച് വിദഗ്ധ പരിശോധന നടത്തുവാൻ കോഴിക്കോട് NITയെ ചുമതലപ്പെടുത്തി ഉത്തരവ് ഇറക്കിയിട്ടുണ്ട്. |
| (സി) | റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിലാണ് പ്രസ്തുത പാലത്തിന്റെ നിർമാണ പ്രവൃത്തികൾ നടക്കുന്നത് എന്നിരിക്കെ മേൽനോട്ടത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വീഴ്ചകളാണ് സംഭവിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | ബി പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ